പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 408 **13-10-2026-ൽ മറുപടിയ്ക്ക്**

വ്യാജ ലോൺ ആപ്പ് കേന്ദ്രം നടത്തി കോടികൾ തട്ടിച്ച സംഭവം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം കേന്ദ്രീകരിച്ച് വ്യാജ ലോൺ ആപ്പ് കേന്ദ്രം നടത്തി കോടികൾ തട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 877/2026 U/s 61(2) (A), 318(4), 319(2), 338, 336(3), 340(2), 308(2), 54, 3/5 BNS & 66(C), 66(D) OF IT ACT പ്രകാരം 28.07.2026 - ന് കേസ് രജിസ്റ്റർ ചെയ്യുകയും നിലവിൽ ടി കേസ് സ്റ്റേറ്റ് ക്രൈം ബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തി വരുന്നു.

(ബി) വിവിധ തരത്തിലുള്ള ഡിജിറ്റൽ തട്ടിപ്പുകൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇക്കാര്യത്തിൽ കേന്ദ്ര ഏജൻസികളുടെ കൂടി സഹായത്തോടെ നടപടി സ്വീകരിക്കുമോ?

മറുപടി: സൈബർ സുരക്ഷ, ബോധവൽക്കരണം, സംശയാസ്പദമായ വിവരങ്ങളുടെ പരിശോധന എന്നിവ ലക്ഷ്യമിട്ട് കേരള പോലീസ് സൈബർ ഡിവിഷൻ ആരംഭിച്ച 'സൈബർവാൾ' (Cyberwall) ഡിജിറ്റൽ സുരക്ഷാ പദ്ധതി 2026 ഓഗസ്റ്റ് 18-ന് ഉദ്ഘാടനം ചെയ്തു. എ.ഐ. സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ പ്ലാറ്റ്ഫോമിലൂടെ സംശയാസ്പദമായ വെബ്സൈറ്റുകൾ, URL-കൾ, ഇ-മെയിലുകൾ, SMS, SMS ഹെഡറുകൾ, ഫോൺ നമ്പറുകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, IP വിലാസങ്ങൾ എന്നിവ പരിശോധിച്ച് അപകടസാധ്യതകൾ തിരിച്ചറിയാനും ആവശ്യമായ മുൻകരുതലുകൾ മനസ്സിലാക്കാനും പൊതുജനങ്ങൾക്ക് സാധിക്കും. ഡിജിറ്റൽ അറസ്റ്റ്, വ്യാജ ലോൺ ആപ്പുകൾ, നിക്ഷേപ തട്ടിപ്പുകൾ, ഫിഷിംഗ്, സ്മിഷിംഗ്, വ്യാജ കസ്റ്റമർ കെയർ നമ്പറുകൾ, ആൾമാറാട്ടം, ഓൺലൈൻ പേയ്മെന്റ്, തൊഴിൽ, ലോട്ടറി, പ്രണയത്തട്ടിപ്പുകൾ തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണവും സുരക്ഷാ നിർദേശങ്ങളും സൈബർവാൾ നൽകുന്നു. POL-App, WhatsApp Chatbot, Telegram Chat bot, Web Portal എന്നിവയിലൂടെ ഈ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

സൈബർ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നതിനായി സംസ്ഥാനത്ത് 19 സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

സാധാരണക്കാർക്ക് പണം നഷ്ടമാവാൻ സാധ്യതയുള്ള വ്യാജ ലോൺ വെബ്സൈറ്റുകളും ആപ്ലിക്കേഷനുകളും കണ്ടെത്തി ബ്ലോക്ക് ചെയ്യുക, സൈബർ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുന്ന വ്യാജ വെബ്സൈറ്റുകളും, ആപ്ലിക്കേഷനുകളും സാമൂഹ്യമാധ്യമങ്ങളിലെ തട്ടിപ്പ് പരസ്യങ്ങളും പ്രൊഫൈലുകളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും നവമാധ്യമങ്ങളിലൂടെയും ബോധവൽക്കരണം നടത്തുക എന്നിവയും സൈബർ തട്ടിപ്പുകൾ തടയുന്നതിനായി നടപ്പാക്കി വരുന്നു. കൂടാതെ, സ്കൂളുകൾ, കോളേജുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നു.

സൈബർ തട്ടിപ്പുകാരെ അറസ്റ്റ് ചെയ്യുന്നതിനും മ്യൂൾ അക്കൗണ്ടുകൾ ഉൾപ്പടെയുള്ളവയുടെ വ്യാപനം തടയുന്നതിലേക്കും, തട്ടിപ്പിലൂടെ നഷ്ടപ്പെട്ട പണം തിരിച്ചു പിടിക്കുന്നതിലേക്കായി Cheque, ATM വഴി തട്ടിപ്പിലൂടെ നേടിയെടുത്ത പണം പിൻവലിക്കുന്നവരെ കണ്ടു പിടിച്ച് അറസ്റ്റ് ചെയ്യുന്നതിലേക്കുമായി "CY-HUNT Operation" എന്ന പേരിൽ Special drive - കൾ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു.

ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളിലൂടെ നഷ്ടമാകുന്ന പണം കടത്തി കൊണ്ടുപോകുവാൻ തട്ടിപ്പുകാർ ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തി പണം Freeze/Lien ചെയ്ത് പണം നഷ്ടമായവർക്ക് അത് തിരികെ ലഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ കേരള പോലീസ് സൈബർ ഓപ്പറേഷൻസിന്റെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന National Cyber crime Reporting Portal ന്റെ Toll free number "1930" കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഡിജിറ്റൽ സാമ്പത്തിക കുറ്റകൃത്യങ്ങളെകുറിച്ചുള്ള പരാതികൾ പൊതു ജനങ്ങൾക്ക് ഈ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. വിവിധ തരം ഡിജിറ്റൽ തട്ടിപ്പുകളെ സംബന്ധിച്ച (threatens/harrasments/ Sextortion) പരാതികൾ "www.cybercrime.gov.in എന്ന വെബ് പോർട്ടൽ വഴിയും പൊതുജനങ്ങൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ 9497980900 എന്ന whatsapp നമ്പറിൽ പൊതുജനങ്ങൾക്ക് ഇത്തരം തട്ടിപ്പുകളെ കുറിച്ചുള്ള പരാതികൾ whatsapp ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ലഭ്യമാകുന്ന പരാതികൾ National Cybercrime Reporting Portal -ൽ രജിസ്റ്റർ ചെയ്ത ശേഷം പരാതിക്കാരന്റെ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷനിലേക്ക് തുടരന്വേഷണത്തിനായി കൈമാറുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

വിവിധ തരം ഓൺലൈൻ തട്ടിപ്പുകളിൽ നിന്നും പൊതുജനങ്ങളെ രക്ഷിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന I4C (Indian Cyber Crime Coordination Centre) സംസ്ഥാന സർക്കാരുകളുമായുള്ള സഹകരണത്തോടെ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആയതിനു വേണ്ടി I4C യുടെ കീഴിൽ Online Crimes Against Women and Children (OCWC) എന്നൊരു വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ